ഫിഷറീസ് സഹകരണ സംഘങ്ങളുടെ

* 18 [18] ശ്രീ. വി.ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസ് വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷറീസ് സഹകരണ സംഘങ്ങളിലെ ഭരണ സമിതികളിലേക്ക് തിരഞ്ഞെടുപ്പു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്നത്തേക്ക് നടത്തും എന്ന് പറയാമോ?

ഫിഷറീസ് വകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്):

(എ) ഉണ്ട്.

(ബി) ഇതിനാവശ്യമായ പ്രാഥമിക നടപടികളും സ്വീകരിച്ചു വരുന്നു. നടപടികളും പൂർത്തിയാകുന്നമുറയ്ക്ക് തിരഞ്ഞെടുപ്പു നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

റബ്ബർ ഇറക്കുമതി

* 19 [19] ശ്രീ. വി.വി. ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ ഇറക്കുമതി ചെയ്യുന്നതിനുമുമ്പ് സംസ്ഥാന ഗവൺമെന്റുമായി കൂടിയാലോചിക്കുമെന്ന് കേന്ദ്ര ഗവൺമെന്റ് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ബി) കേന്ദ്രഗവൺമെന്റ് ഇപ്പോഴത്തെ വൻതോതിൽ റബ്ബർ ഇറക്കുമതി ചെയ്യുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വർഷം എത്ര ടൺ റബ്ബർ ഇറക്കുമതി ചെയ്തിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) രേഖാമൂലം ഉറപ്പ് നൽകിയിട്ടില്ല.

(ബി) ഉൽപ്പാദനവും ഉപഭോഗവും തമ്മിലുള്ള വിടവ് നികത്താൻവേണ്ടി സ്വാഭാവിക റബ്ബർ സ്റ്റേറ്റിംഗ് ട്രേഡിംഗ് കോർപ്പറേഷൻ ഇറക്കുമതി ചെയ്യുന്നതായി അറിയാം.

(സി) 1985–86-ൽ 36,026 ടൺ.

നേവൽ അക്കാഡമി

* 20 [20] ശ്രീ. കെ.പി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ തുങ്ങോൻ ഉദ്ദേശിച്ച് നേവൽ അക്കാഡമിയുടെ നിർമ്മാണ പ്രവർത്തനം എത്രത്തോളമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം ചെയ്തിട്ടുള്ളത്; ഇതിനുവേണ്ടി എത്രരൂപ ചെലവഴിക്കുകയുണ്ടായി;

LIBRARY ARCHIVES Kerala Legislative Assembly